പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1514

05.12.2014-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |

എ) 2013-14 സാമ്പത്തിക വർഷം എത്ര ശതമാനം പദ്ധതിപ്പണമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെലവഴിച്ചത് ; പഞ്ചായത്ത്, മുനിസിപ്പാലിറ്റി, നഗരസഭ, എന്നിവിടങ്ങളിൽ എസ്.സി. / എസ്.റ്റി വിഭാഗത്തിനായി എത്ര ശതമാനം ചെലവഴിച്ചു ; പദ്ധതി പ്രവർത്തനത്തിനോ സ്പിൽ ഓവർ പദ്ധതിക്കോ സമയംനീട്ടി നൽകിയിരുന്നോ ;

എ) ലഭ്യമായിട്ടുള്ള താൽക്കാലിക കണക്കനുസരിച്ച് 2013-14 സാമ്പത്തിക വർഷം 77.46% തുക ചെലവഴിച്ചിട്ടുണ്ട്.

| | എസ്.സി | എസ്.റ്റി |
|---|---|---|
| ഗ്രാമ പഞ്ചായത്ത് | 76.38 | 72.32 |
| ബ്ലോക്ക് പഞ്ചായത്ത് | 90.25 | 93.27 |
| ജില്ലാ പഞ്ചായത്ത് | 61.25 | 68.65 |
| മുനിസിപ്പാലിറ്റി | 61.31 | 62.41 |
| നഗരസഭ | 58.11 | 0 |

സ്പിൽ ഓവർ പദ്ധതികൾക്ക് സമയം നൽകിയിരുന്നു.

ബി) 2014-15 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്ര ശതമാനം ഇത് വരെ ചെലവഴിച്ചു ; ജനറൽ, എസ്.സി / എസ്.റ്റി തിരിച്ച് വ്യക്തമാക്കാമോ ;

ബി) ലഭ്യമായ കണക്ക് പ്രകാരം 2014-15 സാമ്പത്തിക വർഷം 18.45 ശതമാനം തുക ചെലവഴിച്ചു.

ജനറൽ - 20.02%

എസ്.സി.-13.86%

എസ്.റ്റി. - 16.34%

| | |
|---|---|
| സി) സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; പദ്ധതി പ്രവർത്തനത്തിന് എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ടോ ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനകം എത്ര ഗഡു തുക അനുവദിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ? | സി) ഈ വർഷത്തെ സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് 31.12.2014 വരെ സമയം നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എസ്റ്റിമേറ്റ് കണക്കാക്കാറുണ്ട്. വികസന ഫണ്ടിന്റെ 10 ഗഡുക്കളിൽ 7 ഗഡുവരെയുള്ള തുക അനുവദിച്ച നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ